<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പന്ത്രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4614

18.12.2014 ൽ
മറുപടിക്ക്

## കടത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ)കോട്ടയത്ത് കടത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സബ് സെന്റർ സ്ഥാപിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) യും (ബി)യും<br>സംസ്ഥാനത്ത് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശുപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീലന ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയസമ്പന്നരുമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം |

| | |
|---|---|
| | തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) മദ്ധ്യ കേരളത്തിലെ ഗ്രാമീണ മേഖലയിൽനിന്നും വരുന്ന കുട്ടികൾക്ക് ഉപകാരപ്രദമായ രീതിയിൽ സബ്സെന്റർ സ്ഥാപിക്കുന്നതിന് എം. എൽ എ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | |
| (സി) വെർച്വൽ ക്ലാസ്സ് റൂം തുടങ്ങുന്നതിന് വേണ്ട ചെലവ് വ്യക്തമാക്കാമോ; ഇതിനു വേണ്ട നടപടിക്രമങ്ങൾ അറിയിയ്ക്കാമോ? | (സി) വെർച്ച്വൽ ക്ലാസ്റൂം തുടങ്ങുന്നതിന് ഉപകരണങ്ങൾക്കായി 15 ലക്ഷം രൂപയും ഇരിപ്പിട സംവിധാനത്തിനായി 3 ലക്ഷം രൂപയും ക്ലാസ് റൂമിന്റെ ശബ്ദ നിയന്ത്രണത്തിനായി (Aquatic proof) പാനലിംഗ് ജോലികൾ, മറ്റ് ഇന്റീരിയർ വർക്കുകൾ, ലൈറ്റ് ഫിറ്റിംഗുകൾ, യു. പി. എസ് എന്നിവയ്ക്കായി 5 ലക്ഷം രൂപയും ചെലവുപ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് ഉപകരണങ്ങൾ വാങ്ങുന്നത്. ഇരിപ്പിട സംവിധാനം, പാനലിംഗ്, ഇന്റീരിയർ തുടങ്ങിയവ പി. ഡബ്ല്യു.ഡിയോ മറ്റ് അംഗീകൃത ഏജൻസികൾ മുഖാന്തിരമോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ